# ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, കൊല്ലം

തീയതി : 07.02.2018

നം : ഇ-8115/12

## വിജ്ഞാപനം

കൊല്ലം ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന താൽക്കാലിക കോടതികളിലേക്ക് എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിന് നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

പ്രതിമാസ സഞ്ചിത ശമ്പളം- 19950 രൂപ
യോഗ്യത- പി.എസ്.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയും അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവും

അപേക്ഷകർ തുല്യ തസ്തികയിലോ, ഉയർന്ന തസ്തികകളിലോ കേന്ദ്ര / സംസ്ഥാന സർക്കാർ സർവീസിൽ അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരായിരിക്കണം. പ്രായപരിധി : 60 വയസ്സ്.

ഹൈക്കോടതി / നിയമ വകുപ്പ് / അഡ്വക്കേറ്റ് ജനറൽ ഓഫീസ് / സബോർഡിനേറ്റ് ജുഡീഷ്യറി എന്നിവിടങ്ങളിൽ പ്രവൃത്തി പരിചയം ഉള്ളവർ, വിരമിച്ച കോടതി ജീവനക്കാർ എന്നിവർക്ക് നിയമനത്തിൽ മുൻഗണന നൽകുന്നതാണ്. നിയമനം കരാർ അടിസ്ഥാനത്തിൽ, താൽകാലിക കോടതികളുടെ കാലാവധിക്ക് വിധേയമായി, 179 ദിവസത്തേക്കോ അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം, അതു വരെ ആയിരിക്കും.

പേര്, ജനന തീയതി, വിലാസം, ഫോൺ നമ്പർ, വിദ്യാഭ്യാസ യോഗ്യത, മുൻകാല സർവീസ് സംബന്ധമായ വിവരങ്ങൾ, ഒപ്പ് എന്നിവ രേഖപ്പെടുത്തി, അപേക്ഷകൾ വെള്ളപേപ്പറിൽ തയ്യാറാക്കി അയക്കേണ്ടതാണ്. പ്രായം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

സർക്കാർ സർവീസിൽ കുറഞ്ഞത് അഞ്ച് വർഷത്തെയെങ്കിലും സേവനം പൂർത്തിയാക്കിയിട്ടുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 09.03.2018, 5 PM.

അപേക്ഷകൾ അയക്കേണ്ട വിലാസം:
ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്
ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
കൊല്ലം-691013

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്

OFFICE OF THE CHIEF JUDICIAL MAGISTRATE
KOLLAM